# കേരള സർവകലാശാല

നം. പി.ആർ.095/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സി.ബി.സി.എസ്. ബി.എ ബി.എസ്സി/ബി.കോം പരീക്ഷ

കേരള സർവകലാശാല മെയ് ഒൻപതിന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ ബി.എസ്സി/ബി.കോം (2010 മേഴ്സിചാൻസ്, 2011, 2012 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്. പരീക്ഷാകേന്ദ്രങ്ങൾ തിരുവനന്തപുരം എം.ജി കോളേജ്, കൊല്ലം ശാസ്താംകോട്ട ഡി.ബി കോളേജ്, ആലപ്പുഴ എസ്.ഡി കോളേജ്, പത്തനംതിട്ട അടൂർ സെന്റ് സറിൾസ് എന്നിങ്ങനെ പരിമിതപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ അവരവരുടെ കോളേജിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി പ്രസ്തുത പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴുതണം.

### എം.എഡ് ടൈംടേബിൾ

കേരള സർവകലാശാല മെയ് 10-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എഡ് ഡിഗ്രി (ദ്വിവത്സര പ്രോഗ്രാം 2015 സ്കീം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.കോം പ്രാക്ടിക്കൽ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്. ബി.കോം ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ മെയ് എട്ട്, 10, 12 തീയതികളിൽ അതാതു കോളേജുകളിൽ നടക്കും വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എഡ് പരീക്ഷ

കേരള സർവകലാശാല ജൂൺ ഏഴാം തീയതി ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (സ്പെഷ്യൽ എഡ്യുക്കേഷൻ - മെന്റൽ റിട്ടാർഡേഷൻ / ഇന്റലെക്ചൽ ഡിസെബിലിറ്റി - 2015 സ്കീം - ദ്വിവത്സര കോഴ്സ്) പരീക്ഷയ്ക്ക് പിഴകൂടാതെ മെയ് എട്ട് (50 രൂപ പിഴയോടെ മെയ് പത്ത്, 125 രൂപ സൂപ്പർ ഫൈനോട് കൂടി മെയ് 12) വരെ ഫീസടച്ച് അപേക്ഷിക്കാം.

### പ്രൊജക്ട് മൂല്യനിർണ്ണയവും വാചാപരീക്ഷയും

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.കോം കൊമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയും പ്രൊജക്ട് മൂല്യനിർണ്ണയവും വാചാപരീക്ഷയും മെയ് ഒമ്പത് മുതൽ 12 വരെ വർക്കല എസ്.എൻ.കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി (ഈവനിംഗ്) - തീയതി നീട്ടി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി (ഈവനിംഗ് ബാച്ച്) കോഴ്സിന് മെയ് 12-വരെ അപേക്ഷിക്കാം. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണി വരെ. കോഴ്സ് ഫീസ് 19500/- രൂപ അപേക്ഷ ഫീസ് 100 രൂപ. അവസാന തീയതി മെയ് 12. വിശദ വിവരങ്ങൾക്ക് ഫോൺ: 0471-2302523.

## ബിരുദ പ്രവേശനം 2017-അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം

കേരള സർവകലാശാല 2017 വർഷത്തെ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നു.മെയ് ഒമ്പതാം തീയതി രാവിലെ 11 മണിക്ക് സർവകലാശാല ആസ്ഥാനത്തുള്ള കമ്പ്യൂട്ടർ സെന്ററിൽ വച്ചാണ് പരിശീലനം. ഒരു അക്ഷയ കേന്ദ്രത്തിൽ നിന്ന് ഒരാൾക്ക് ഈ സൗജന്യപരിശീലനത്തിൽ പങ്കെടുക്കാം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ മെയ് ആറ് വൈകുന്നേരം നാല് മണിക്ക് മുമ്പ് 0471-2386296 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യണം. പരാതി രഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിട്ടാണ് സർവകലാശാല ഇത്തരത്തിൽ പരിശീലനം നൽകുന്നത്. ആയത് പരമാവധി പ്രയോജനപ്പെടുത്താൻ അറിയിക്കുന്നു. പങ്കെടുക്കുന്നവർ സ്വന്തം ചെലവിൽ ഹാജരാകണം.
(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ജൂനിയർ റിസർച്ച് ഫെലോ, ഫീൽഡ് അസിസ്റ്റന്റ് ഒഴിവ്

വനം, പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ സഹകരണത്തോടെ കേരള സർവകലാശാല കാര്യവട്ടം എൻവയോൺമെന്റൽ സയൻസസ് പഠനവകുപ്പ് നടത്തുന്ന ഗവേഷണ പ്രൊജക്ടിലേക്ക് ജൂനിയർ റിസർച്ച് ഫെലോ, ഫീൽഡ് അസിസ്റ്റന്റ് (ഒന്ന് വീതം) ഒഴിവുകളിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി മെയ് 15. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

തിരുവനന്തപുരം.
02.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in